**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4956** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തികകളിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ, എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ലൈബ്രേറിയൻ എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഹൈക്കോടതിയിൽ കേസുകൾ ഫയൽചെയ്തിരുന്ന, അർഹതപ്പെട്ട സ്കൂളുകൾക്ക് സ.ഉ(കൈ) നം. 106/2022/പൊ.വി.വ തീയതി 14.06.2022 പ്രകാരം 2 ക്ലാർക്ക് തസ്തികകളും 8 ഫുൾ ടൈം മീനിയൽ തസ്തികകളും ഒരു ലൈബ്രേറിയൻ തസ്തികയും 5 വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ഇവയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.106/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിൽ ക്ലർക്ക്, ലൈബ്രേറിയൻ, ഫുൾ ടൈം മീനിയൽ(എഫ്.റ്റി.എം) തസ്തികകൾ സൃഷ്ടിച്ച് അപ്രകാരം ബഹു. ഹൈക്കോടതിയുടെ വിവിധ കേസുകളിലെ വിധിന്യായങ്ങൾ നടപ്പിലാക്കി ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.106/2022/GEDN തീയതി,തിരുവനന്തപുരം, 14-06-2022

---

പരാമർശം:-

1. സ.ഉ.(പി) നം.144/2001/പൊവിവ തീയതി 16.4.2001
2. സ.ഉ.(പി) നം.331/2001/പൊവിവ തീയതി 09.11.2001
3. സ.ഉ.(എം.എസ്) നം.220/2015/പൊവിവ തീയതി 17.8.2015
4. ഡബ്ല്യൂ.പി(സി) നം.22790/2014 ൽ 30.11.2017 ലെ ബഹു.ഹൈക്കോടതിവിധി
5. ഡബ്ല്യൂ.പി(സി) നം.28000/2015 ൽ 16.02.2018 ലെ ബഹു.ഹൈക്കോടതിവിധി
6. ഡബ്ല്യൂ.പി(സി) നം.32986/2015 ൽ 24.03.2017 ലെ ബഹു.ഹൈക്കോടതിവിധി
7. ഡബ്ല്യൂ.പി(സി) നം.26927/2018 ൽ 16.03.2021 ലെ ബഹു.ഹൈക്കോടതിവിധി
8. ഡബ്ല്യൂ.പി(സി) നം.2414/2015 ൽ 30.11.2017 ലെ ബഹു.ഹൈക്കോടതിവിധി
9. ഡബ്ല്യൂ.പി(സി) നം.14949/2019 ൽ 16.03.2021 ലെ ബഹു.ഹൈക്കോടതിവിധി
10. ഡബ്ല്യൂ.പി(സി) നം.15896/2019 ൽ 16.03.2021 ലെ ബഹു.ഹൈക്കോടതിവിധി
11. ഡബ്ല്യൂ.പി(സി) നം.31517/2015 ൽ 24.01.2018 ലെ ബഹു.ഹൈക്കോടതിവിധി
12. ഡബ്ല്യൂ.പി(സി) നം.36617/2016 ൽ 30.11.2017 ലെ ബഹു.ഹൈക്കോടതിവിധി
13. ഡബ്ല്യൂ.പി(സി) നം.3419/2015 ൽ 16.03.2021 ലെ ബഹു.ഹൈക്കോടതിവിധി
14. റിട്ട് അപ്പീൽ നം..820/2018, 1600/2018, 379/2018, 745/2018, 3338/2018, 821/2018 എന്നിവയിലെ 15.01.2020 ലെ ബഹു.ഹൈക്കോടതിവിധി

15. കോടതിയലക്ഷ്യ കേസ് നം.623/2021, 806/2020, 1266/2020, 1130/2021, 1091/2021, 2012/2021, 1200/2021, 2016/2021, 428/2021
16. സ.ഉ(എം.എസ്) നം.53/2019/പൊവിവ തീയതി 31.05.2019
17. അഡ്വക്കേറ്റ് ജനറലിന്റെ S2-WA379/2018 നം. തീയതി 09.12.2021 ലെ നിയമോപദേശം
18. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.01.2022 ലെ ACD C3/35452/2018/HSE നം.കത്ത്
19. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.01.2022 ലെ ACD C3/222381/2021/HSE നം.നടപടിക്രമം
20. സ.ഉ(സാധാ) നം.549/2022/പൊ.വി.വ തീയതി 01.02.2022
21. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.01.2022, 26.03.2022 എന്നീ തീയതികളിലെ ACDC3/35452/2018/HSE നം.കത്തുകൾ

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ പരാമർശം 1 ലും എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ വിവിധ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമന രീതിയും യോഗ്യതകളും പരാമർശം 2, കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം 32 എന്നിവയിലും പ്രതിപാദിച്ചിട്ടുണ്ട്.

2. പരാമർശം 3 പ്രകാരം ഹയർ സെക്കന്ററി സ്കൂളിലെ ക്ലർക്ക്, ലൈബ്രേറിയൻ, എഫ്.റ്റി.എം./പി.റ്റി.എം. എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കാൻ നിർ ദ്ദേശിക്കുകയുണ്ടായി. ടി സ്കീമിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നിരവധി മാനേജ്മെന്റുകൾ വീണ്ടും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും (ഡബ്ല്യു പി(സി) നം.22790/2014, 28000/2015, 32986/2015, 26927/2018, 2414/2015, 14949/2019, 15896/2019, 31517/2015, 36617/2016, 3419/2015) അനുകൂല ഉത്തരവുകൾ നേടുകയും ചെയ്തു.

3. ഇതിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിച്ചു എന്നാൽ സർക്കാരിന്റെ അപ്പീൽ ബഹു. ഡിവിഷൻ ബഞ്ച് തള്ളുകയും ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഉചിതമായി തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ ബഹു.സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും റിവ്യൂ പെറ്റീഷനും ഫയൽ ചെയ്യുകയും ആയത് തള്ളപ്പെടുകയും ചെയ്തു.

4. തുടർന്ന് അഡ്വക്കേറ്റ് ജനറലുമായി ഔദ്യോഗികമായും അനൗദ്യോഗികമായും നിരവധി

തവണ കൂടി ആലോചിച്ചു. ഇതേ സമയം തന്നെ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതി രൂപീകരിക്കുകയും ആ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം ഏകീകരിച്ചുകൊണ്ട് പരാമർശം 16 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ കാതൽ താഴെപ്പറയും പ്രകാരമാണ്.

എ) പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ. ) എന്ന അധികാര സ്ഥാപനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതുമാണ്. ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ) എന്നത് ഐ.എ.എസ്. കേഡറിലുള്ള ഒരു കേഡർ തസ്തിക ആയിരിക്കും

ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർ സെക്കന്ററി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതു പരീക്ഷകൾ നടത്തുന്നതിനായി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷനെ (പരീക്ഷാ കമ്മീഷണർ) ചുമതലപ്പെടുത്തിയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടരുന്നതാണ്. ഇവ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധികാര പരിധിയിൽ ആയിരിക്കും. നിലവിൽ പൊതവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

ഡി) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. ഇത്തരം സ്കൂളുകളുടെ പൊതുചുമതലയും ഹയർ സെക്കന്ററി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിനായിരിക്കും. ഇത്തരം സ്കൂളുകളിലെ നിലവിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയുടെ പേര് ഹെഡ്മാസ്റ്റർ എന്നതിനു പകരം വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്യുന്നു. ഈ മാറ്റങ്ങൾക്കനുസൃതമായ ഭരണപരമായ അനുബന്ധ സൗകര്യങ്ങൾ, പ്രിൻസിപ്പലിന് സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ലഭ്യമാക്കുന്നതിനും പ്രിൻസിപ്പൽമാരുടെ ബോധന സമയം കുറച്ച്

ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടേതിന് സമാനമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനും ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

ഇ) ഹയർ സെക്കന്ററി വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള സംവിധാനം തൽസ്ഥിതിയിൽ തുടരുന്നതാണ്.

എഫ്) നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കന്ററി വിഭാഗത്തിനു കൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും. അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കന്ററിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത്.

5. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ 1 മുതൽ 12-ാം ക്ലാസ്സ് വരെ ഒറ്റ യൂണിറ്റാണ്. അങ്ങനെവരുമ്പോൾ കെ.ഇ.ആർ അധ്യായം XXIV A യിൽ പ്രതിപാദിപ്പിച്ചിരിക്കും പ്രകാരമാണ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, എഫ്.റ്റി.എം, പി.റ്റി.എം, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയവരെ നിയമിക്കേണ്ടത്. 1499 കുട്ടികൾക്ക് ഒന്നും 1500 ഉം അതിനു മുകളിലും രണ്ടും ക്ലറിക്കൽ തസ്തികകളും 699 കുട്ടികൾക്ക് 1 എഫ്.റ്റി.എം .ഉം 700 മുതൽ 1499 വരെ കുട്ടികൾക്ക് 2 ഉം 1500 ഉം അതിനു മുകളിലും 3 ഉം തസ്തികകളും അനുവദനീയമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ. കോടതിയെ സമീപിച്ച സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പഠനം നടത്തുകയും താഴെപ്പറയും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കാൻ പരാമർശം 21 പ്രകാരം ശിപാർശ നല്കുകയും ചെയ്തു.

6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറലിന്റെ പരാമർശം 17 ലെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള സ്കൂൾ/ക്ലാസ്സ് ഏകീകരണം നടന്ന് വരുകയാണ്. ആയത് സംസ്ഥാനത്ത് മുഴുവൻ പൂർത്തിയാക്കേണ്ടതുണ്ട്. ആയത് പൂർത്തിയാക്കിയതിനു ശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളു. എന്നാൽ മേൽ പരാമർശിച്ച ഹൈക്കോടതി വിധിന്യായങ്ങൾ നടപ്പിലാക്കാൻ സർക്കാർ ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ K E R അദ്ധ്യായം XXIV A പ്രകാരം പ്രസ്തുത സ്കൂളുകളിലെ നിലവിലെ തസ്തികയും അധികമായി അനുവദിക്കാവുന്ന തസ്തികകളുടെ സ്ഥിതിയും താഴെപ്പറയും പ്രകാരമാണ്:

MAMHSS കൊരട്ടിയിൽ ആകെ 1163 വിദ്യാർത്ഥികളാണ് ഉള്ളത്. ആയതിനാൽ ഒരു ക്ലർക്ക്

രണ്ട് എഫ്.റ്റി.എം, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നിവയ്ക്ക് മാത്രമാണ് അർഹത. പ്രസ്തുത തസ്തികകൾ ടി സ്കൂളിൽ നിലവിലുണ്ട്. പ്രസ്തുത വിഭാഗങ്ങളിൽ പുതിയ തസ്തികകൾ അനുവദിക്കാൻ സാധിക്കില്ല.

St.Sebastin HSS പള്ളുരുത്തിൽ 1443 വിദ്യാർത്ഥികളാണ് ഉള്ളത്. ആയതിനാൽ ഒരു ക്ലർക്ക്, 2 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് അനുവദനീയം. പ്രസ്തുത തസ്തികകൾ നിലവിലുള്ളതിനാൽ അധിക തസ്തികകൾ അനുവദിക്കാൻ സാധിക്കില്ല

SMHSS പതാരത്തിൽ 2193 വിദ്യാർത്ഥികളാണ് ആകെയുള്ളത്. ടി സ്കൂളിൽ 1 ക്ലർക്ക്. 1 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. ആയതിനാൽ ക്ലർക്കിന്റെ 1 തസ്തികയും, എഫ്.റ്റി.എം ന്റെ 1 തസ്തികയും കൂടി അനുവദിക്കുന്നു.

Vidhyadiraja MMHSS Vendar ൽ 1427 വിദ്യാർത്ഥികളാണ് ഉള്ളത്. ടി സ്കൂളിൽ 2 ക്ലർക്ക്, 3 എഫ്.റ്റി.എം, 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കുമ്പോൾ ഇപ്പോൾ തന്നെ മൂന്ന് വിഭാഗത്തിലും ഓരോ അധിക തസ്തിക നിലവിലുണ്ട്. ആയതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല

DBHSS തിരുവല്ലയിൽ 1236 വിദ്യാർത്ഥികളാണ് ഉള്ളത്. ടി സ്കൂളിൽ 1 ക്ലർക്ക്, 1 എഫ്.റ്റി.എം. 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളുള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു.

ചിറയിൻകീഴ് ശ്രീ.ശാരദാ വിലാസം ഹയർസെക്കന്ററി സ്കൂളിൽ 1408 വിദ്യാർത്ഥികളാണ് ഉള്ളത്. ടി സ്കൂളിൽ 1 ക്ലർക്ക്, 2 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല.

MM HSS East Kallada ൽ 509 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. ടി സ്കൂളിൽ 1 ക്ലർക്ക്, 1 എഫ്.റ്റി.എം. 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട് മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല.

JJ Murphy Higher Secondary School, Endayar ൽ 930 വിദ്യാർത്ഥികളാണ് ഉള്ളത്. ടി സ്കൂളിൽ 1 ക്ലർക്ക്, 1 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്.

മതിയായ എണ്ണം കുട്ടികളുള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു

Thirumala AM HSS ൽ 1276 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 1 ക്ലർക്ക്, 1 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളുള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു

Cheriyavelinelloor KPM HSS ൽ 1363 വിദ്യാർത്ഥികളാണ് ഉള്ളത്. അവിടെ 1 ക്ലർക്ക്, 2 എഫ്.റ്റി.എം. 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട് മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധ്യമല്ല

Cherayi SM HSS ൽ 1543 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 1 ക്ലർക്ക്, 2 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളുള്ളതിനാൽ ക്ലർക്കിന്റെ 1 തസ്തികയും എഫ്.റ്റി.എം ന്റെ 1 തസ്തികയും കൂടി അനുവദിക്കുന്നു.

Paravur SN HSS ൽ 2603 വിദ്യാർത്ഥികളുണ്ട്. അവിടെ 2 ക്ലർക്ക്, 3 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല.

KPMHSS Poothotta ൽ 2182 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 2 ക്ലർക്ക്, 2 എഫ്.റ്റി.എം, 2 ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് നിലവിലുള്ളത്. മതിയായ എണ്ണം കുട്ടികളുള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു.

Kanjiramattom St.Ignatious HSS ൽ 1820 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 2 ക്ലർക്ക്, 2 എഫ്.റ്റി.എം, 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു.

Poochakal Sreekanteswaram SN HSS ൽ 2122 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 2 ക്ലർക്ക്, 2 എഫ്.റ്റി.എം, 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ 1 എഫ്.റ്റി.എം തസ്തിക കൂടി അനുവദിക്കുന്നു.

Naimarmoola TIHSS ൽ 4623 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 2 ക്ലർക്ക്, 3 എഫ്.റ്റി.എം, 2

ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല

Vaikom St.Little Theresa HSS ൽ 1145 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 1 ക്ലർക്ക്, 2 എഫ്.റ്റി.എം. 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല.

Manathur St.Joseph HSS ൽ 221 വിദ്യാർത്ഥികളുണ്ട്. ടി സ്കൂളിൽ 1 ക്ലർക്ക്, 1 എഫ്.റ്റി.എം. 2 ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് നിലവിലുള്ളത്. മതിയായ എണ്ണം കുട്ടികളിലാത്തതിനാൽ പുതിയ തസ്തിക അനുവദിക്കാൻ സാധിക്കില്ല.

| Sl. No. | School Name | Students Strength | Existing Posts | | | Posts to be created | | | Remarks |
|---|---|---|---|---|---|---|---|---|---|
| | | | Clerk | FTM | OA | Clerk | FTM | OA | |
| 1. | MAM HSS Koratty, Thrissur | 1163 | 1 | 2 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 2. | St.Sebastian's HSS, Palluruthy, Ernakulam | 1443 | 1 | 2 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 3. | SM HSS Patharam | 2193 | 1 | 2 | 2 | 1 | 1 | 0 | മതിയായ എണ്ണം കുട്ടികളുള്ള തിനാൽ ക്ലർക്കിന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും എഫ് റ്റി എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു |
| 4. | Vidyadiraja MM HSS, Vendar | 1427 | 2 | 3 | 3 | -1 | -1 | -1 | പുതിയ തസ്തിക അനുവദനീയമല്ല |
| 5. | DB HSS Thiruvalla | 1236 | 1 | 1 | 2 | 0 | 1 | 0 | മതിയായ എണ്ണം കുട്ടികളുള്ള തിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 6. | Sri.Sarada Vilasam HSS, Chirayinkeezhu | 1408 | 1 | 2 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 7 | MM HSS East Kallada | 509 | 1 | 1 | 2 | 0 | 0 | 0 | പുതിയ തസ്തിക |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | [illegible] | | | | | | | അനുവദനീയമല്ല |
| 8. | JJ Murphy HSS Yendayar | 930 | 1 | 1 | 2 | 0 | 1 | 0 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 9. | AMHSS, Thirumala | 1276 | 1 | 1 | 2 | 0 | 1 | 0 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 10. | KPM HSS Cheriyavelinelloor | 1363 | 1 | 2 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 11. | SMHSS, Cherayi | 1543 | 1 | 2 | 2 | 1 | 1 | 0 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ ക്ലർക്കിന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു |
| 12 | SN HSS, Paravoor | 2603 | 2 | 3 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 13. | KPM HSS Poothotta | 2182 | 2 | 2 | 2 | 0 | 1 | 0 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 14. | St.Ignatious HSS, Kanjiramattom | 1820 | 2 | 2 | 3 | 0 | 1 | -1 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 15. | SN HSS Sreekandesawaram, Poochakkal | 2122 | 2 | 2 | 3 | 0 | 1 | -1 | മതിയായ എണ്ണം കുട്ടികൾ ഉള്ളതിനാൽ എഫ്.റ്റി.എം ന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു |
| 16. | TI HSS Naimarmoola | 4623 | 2 | 3 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 17. | St.Little Theresa's HSS Vaikkom | 1145 | 1 | 2 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| 18. | St.Joseph HSS, Manathoor | 221 | 1 | 1 | 2 | 0 | 0 | 0 | പുതിയ തസ്തിക അനുവദനീയമല്ല |
| | Total | | | | | 2 | 8 | 0 | ക്ലർക്കിന്റെ രണ്ട് തസ്തികകളും എഫ്.റ്റി.എം ന്റെ എട്ട് തസ്തികകളും |

സ.ഉ.(കൈ) നം.106/2022/GEDN

മേൽ പരാമർശിച്ച ക്ലർക്ക്, എഫ്.റ്റി.എം. തസ്തികകൾ അഞ്ച് വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ചും ഇവയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന്(കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതിയും നല്കുന്നു. പരാമർശം 19 പ്രകാരമുള്ള ലൈബ്രറി സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുള്ളതിനാൽ ഒരു ലൈബ്രേറിയൻ തസ്തിക കെ.പി.എം.എച്ച്.എസ്.എസ്, പൂത്തോട്ടയിൽ സൃഷ്ടിക്കുന്നു. ടി തസ്തിക അഞ്ച് വർഷത്തേക്ക് താൽക്കാലികവും, നിയമനം കരാർ അടിസ്ഥാനത്തിലും ആയിരിക്കുന്നതാണ്.

7. ഇപ്രകാരം പരാമർശം 4 മുതൽ 13 വരെയുള്ള വിധിന്യായങ്ങൾ നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ബന്ധപ്പെട്ട മേഖല ഉപമേധാവികൾ
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നം.778 തീയതി 02.06.2022)
ധനകാര്യ വകുപ്പ്(E2061593/EDN-B1/244/2021/FIN-Part(1) തീയതി 10.05.2022)
വെബ്&ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്